<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93</u> <u>30-08-2022 - ൽ മറുപടിയ്ക്ക്</u>

<u>ഐ.ടി.ഐ.കളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,**<br>**ശ്രീ സജി ചെറിയാൻ,**<br>**ശ്രീ. ടി.ഐ.മധുസൂദനൻ,**<br>**ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഐ.ടി.ഐ.കളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | (എ) | **(എ)** 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കേരളത്തിലെ 10 ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ ഭാഗമായി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തി കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഇൻവെസ്റ്റ്മെന്റ് ബോർഡ്(KIIFB) മുഖേന ധനസഹായം ലഭ്യമാക്കിയാണ് ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്. ഇതിനായി ബജറ്റിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു.<br><br>പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി KIIFB 82.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ചുവടെയുള്ള 10 ഐ.ടി.ഐ കളാണ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്.<br><br>1) ഗവ ഐ.ടി.ഐ, ധനുവച്ചപുരം, തിരുവനന്തപുരം 2) ഗവ ഐ.ടി.ഐ, ചന്ദനത്തോപ്പ്, കൊല്ലം 3) ഗവ ഐ.ടി.ഐ , ചെങ്ങന്നൂർ, ആലപ്പുഴ 4) ഗവ ഐ.ടി. ഐ, ഏറ്റുമാനൂർ, കോട്ടയം 5)ഗവ ഐ.ടി.ഐ, കട്ടപ്പന, ഇടുക്കി 6) ഗവ ഐ.ടി.ഐ, ചാലക്കുടി, തൃശ്ശൂർ 7)ഗവ ഐ.ടി.ഐ ,മലമ്പുഴ, പാലക്കാട് 8) ഗവ ഐ.ടി.ഐ, കൊയിലാണ്ടി കോഴിക്കോട് 9) ഗവ ഐ.ടി.ഐ, കണ്ണൂർ 10) |

| | | | |
|---|---|---|---|
| | | | ഇ കെ നായനാർ മെമ്മോറിയൽ ഗവ ഐ.ടി.ഐ കയ്യൂർ, കാസർഗോഡ്. |
| (ബി) | സംസ്ഥാനത്തെയും ഇതര പ്രദേശങ്ങളിലെയും വ്യവസായ മേഖലയുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി ഐ.ടി.ഐ.കളെ മാറ്റിത്തീർക്കാൻ പരിപാടിയുണ്ടോ; കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കാനും കോഴ്സുകളിൽ കാലാനുസൃതമായ മാറ്റം ഉൾക്കൊള്ളിക്കാനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | **(ബി)** കാലഹരണപ്പെട്ട കോഴ്സുകൾ നിർത്തലാക്കാനും കോഴ്സുകളിൽ കാലാനുസൃതമായ മാറ്റം ഉൾക്കൊള്ളിക്കുന്നതിന്റെയും ഭാഗമായി കൊല്ലം, കൽപ്പറ്റ എന്നീ ഐ.ടി.ഐ കളിൽ ഉള്ള സി.ഒ.ഇ (സെന്റർ ഓഫ് എക്സലൻസ്) ട്രേഡുകൾ നിർത്തലാക്കി പകരം റീ-വാംമ്പിംഗിന്റെ ഭാഗമായി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ഐ.ടി.ഐ.കളിൽ നിന്ന് നൈപുണ്യശേഷി ആർജിക്കുന്നവർക്കെല്ലാം തൊഴിൽ ലഭ്യമാകുന്ന തരത്തിൽ ഐ.ടി.ഐ.കളെ വ്യവസായ മേഖലയുമായി നേരിട്ട് ബന്ധപ്പെടുത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (സി) | **(സി)** ഐ.ടി.ഐ പാസ്സാകുന്നവരുടെ തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിനായി എല്ലാ വർഷവും സ്പെക്ട്രം ജോബ് ഫെയർ എന്ന പേരിൽ ജില്ലകൾ തോറും തൊഴിൽ മേളകൾ നടത്തുന്നു. ഇതിൽ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പരമാവധി ഇൻഡസ്ട്രികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ